## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2493.** **09.03.2018 ൽ മറുപടിയ്ക്ക്**

### നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡി അഡിക്ഷൻ സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ആൻസലൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2018-19 ലെ പൊതു ബജറ്റിൽ ഉൾപ്പെടുത്തിയ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഡി അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ദശയിലാണ്. പ്രസ്തുത ഡി അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനത്തിന് 'വിമുക്തി' മിഷൻ മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിന് അറുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാന്നൂറ് രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ആരോഗ്യവകുപ്പിന്റെ ശുപാർശ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ഡി അഡിക്ഷൻ സെന്ററിൽ എക്സൈസ് വകുപ്പ് ഏതെല്ലാം തരത്തിലുള്ള ക്രമീകരണങ്ങൾ ആണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ; | | |
| (സി) | ഈ സെന്റർ ആരംഭിക്കുന്നതിന് എക്സൈസ് വകുപ്പ് ചെലവാക്കുന്ന തുക എത്രയെന്ന് വിശദമാക്കാമോ; | | |
| (ഡി) | ഡി അഡിക്ഷൻ സെന്ററുമായി ബന്ധപ്പെട്ട് ആശുപത്രി അധികൃതർ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കേണ്ടതെന്ന് വിശദമാക്കാമോ; | (ഡി) | വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് ലഹരി മുക്ത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് തെരഞ്ഞെടുക്കുന്ന ആശുപത്രികളിൽ രോഗികൾക്കായി 10 ബെഡ്ഡുകളും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുന്നത് ആരോഗ്യ വകുപ്പ് അധികൃതരായിരിക്കും. |
| (ഇ) | പ്രസ്തുത സെന്റർ 2018-19-ൽ ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത സെന്റർ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ